ലക്കം 39

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only


## നുണയാ, സൂക്ഷിക്കുക!

*(അപ്പൊ. പ്രവൃ.5:1–11 വേദഭാഗത്തെ ആസ്പദമാക്കിയുള്ള വിവരണം)*

പെന്തക്കോസ്തു നാളിനുശേഷം മിക്ക പുതുക്രിസ്ത്യാനികളും അവരവരുടെ വസ്തുവകകളും നിലങ്ങളും വിറ്റു. അവർ അത് അപ്പോസ്തലന്മാരുടെ കാൽക്കൽകൊണ്ടുവച്ചു. 'പൊതു ആവശ്യത്തിനായി" വിനിയോഗിച്ചു. (അപ്പൊ. 4:35) ചുരുങ്ങിയ കാലംകൊണ്ട് യെരുശലേമിലുള്ള മിക്ക വിശുദ്ധന്മാരും എല്ലാം പൊതുവായി എണ്ണി അപ്പോസ്തലന്മാരുടെ കാൽക്കൽ ഇരുന്നു ഉപദേശം കേട്ടുപോന്നു. ഈ ഒരു ആചാരം യെരുശലേമിൽ നീണ്ടകാലം നിലനിൽക്കുകയോ പുറത്തുള്ള പട്ടണങ്ങളിലേ ക്ക് വ്യാപിക്കുകയോ ചെയ്തിരുന്നില്ല. യെരുശലേമിൽ തന്നെ ഇതൊരു നിർബന്ധിത ഉപദേശമായിരുന്നില്ല. പ്രത്യുത വിശുദ്ധന്മാരുടെ സ്വമേധയായുള്ള കൂട്ടായ്മയുടെ ഭാഗമായിരുന്നു.

ഒന്നു ഭാവന കണ്ടുനോക്കൂ, ഒരുകൂട്ടം ക്രിസ്ത്യാനികൾ അവരുടെ പുതിയ വിശ്വാസം അനുസരിച്ച് ഭൗമിക സ്വത്തുമുഴുവൻ വിറ്റ് ആ പണം അപ്പോസ്തലന്മാർക്കു കൊടുത്ത് സന്തോഷത്തോടെ കഴിയുന്ന ഒരു അവസ്ഥ. അവർ സ്വർഗ്ഗീയ കാര്യങ്ങളിൽ പൂർണ്ണ ഹൃദയത്തോടെ വ്യാപൃതരാവുകയും യേശുവിനെ എതിരേല്ക്കുന്നതിനായി അക്ഷരീകമായി "ഭൗമീകതയെ വിൽക്കുവാൻ" തയ്യാറുള്ളവരുമായിരുന്നു. ആത്മീയ ആരാധനയുടെ അനുഗ്രഹ വേളയിൽ അവിടെയുള്ള ഒരു ഭർത്താവും ഭാര്യയും അവരുടെ നിലം വിറ്റു. മറ്റെല്ലാവരും വളരെ സന്തോഷപൂർവ്വം ഉണ്ടായിരുന്ന സ്വത്തു മുഴുവനും വിറ്റ് സഭയ്ക്ക് സമർപ്പിച്ചപ്പോൾ അനന്യാസും സഫീറയും പരസ്പരം സംസാരിച്ച് വിറ്റ തുകയിൽ നിന്നും കുറച്ചു എടുത്തുമാറ്റി രഹസ്യമായി സൂക്ഷിച്ചു. അനന്യാസ് സഭയിൽ വന്ന് പൂർണ്ണ ഹൃദയത്തോടെ മുഴുവനും സമർപ്പിച്ചവരുമായ സന്തോഷത്തോടെ സംസാരിച്ചശേഷം തന്റെ പക്കലുണ്ടായിരുന്ന പണം അപ്പൊസ്തലന്റെ കാൽക്കൽവച്ചു. അപ്പൊസ്തലനായ പത്രൊസിന് ഈ കാര്യത്തിന്റെ പരമാർത്ഥം വെളിപ്പെട്ടു.

താഴ്മ അഭിനയിച്ചുകൊണ്ടുള്ള അനന്യാസിന്റെ പ്രവൃത്തി കണ്ട് അപ്പൊസ്തലനായ പത്രൊസ് ഇങ്ങനെ ചോദിച്ചു. "അനന്യാസേ, പരിശുദ്ധാത്മാവിനോട് വ്യാജം കാണിപ്പാനും നിലത്തിന്റെ വിലയിൽ കുറെ എടുത്തുവപ്പാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതെന്ത്? അതു വിൽക്കുംമുമ്പെ നിന്റേതായിരുന്നില്ലയോ? വിറ്റശേഷവും നിന്റെ കൈവശം അല്ലാഞ്ഞുവോ? ഈ കാര്യത്തിന് നീ മനസ്സുവച്ചതെന്ത്? മനുഷ്യരോടല്ല, ദൈവത്തോടത്രെ നീ വ്യാജം കാണിച്ചത്" എന്നു പറഞ്ഞു.



**"അനന്യാസേ, പരിശുദ്ധാത്മാവിനോട് വ്യാജം കാണിപ്പാൻ സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതെന്ത്?.... മനുഷ്യരോടല്ല, ദൈവത്തോടത്രെ നീ വ്യാജം കാണിച്ചത്"**

ഒരു മുന്നറിയിപ്പും കൂടാതെ അനന്യാസ് മരിച്ചുവീണു. എന്നാൽ അനന്യാസ് പ്രതീക്ഷിച്ചതുപോലെ അവന്റെ ജീവിതം അവിടെ അവസാനിക്കയല്ലായിരുന്നു. അവന്റെ നിത്യത തുടരുകയും ഹൃദയം കപടഭക്തികൊണ്ട് പാപത്താൽ നിറയപ്പെട്ടിരുന്നു. അനന്യാസിന് സഭയ്ക്ക് ഒന്നും കൊടുക്കേണ്ടിയിരുന്നില്ല. 20% എങ്കിലും കൊടുത്തു. ബാക്കി സൂക്ഷിക്കാമായിരുന്നു. പക്ഷേ അവൻ അവിടെ കള്ളം പറഞ്ഞു  നൂറുശതമാനം കൊടുക്കുന്നു എന്നു കരുതി മറ്റുള്ളവരെ കബളിപ്പിക്കാൻ ശ്രമിക്കുന്നതിനിടയിൽ അയാൾ ഒരു അസത്യം പറഞ്ഞു. എന്നിരുന്നാലും പത്രൊസ് വിശദീകരിച്ചതുപോലെ ഏറ്റവും വലിയ പാപം അനന്യാസ് തന്റെ ഹൃദയത്തിൽ ദൈവസന്നിധിയിൽ കള്ളം പറഞ്ഞു എന്നുള്ളതാണ്. ദൈവത്തിന്റെയും മനുഷ്യന്റെയും സാന്നിദ്ധ്യത്തിൽ നുണയും വഞ്ച


പത്രാധിപലേഖനം
ഒരു കാലിത്തൊഴുത്തിന്റെ കഥ 3

ബൈബിൾ പഠനം :
സത്യസന്ധത 4

അനുബന്ധ ലേഖനം :
സത്യസന്ധതയുടെ നിയമം 5-6

ചോദ്യവും - ഉത്തരവും 7

നിങ്ങൾക്കറിയാമോ?
തക്കസമയത്തെ വാക്ക് :
ശൂന്യമായ കലം 8

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16–17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37–40, യോഹ. 14: 21–23,
1 യോഹ. 4: 7–11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3–7, 2 കൊരി. 5: 17,
റോമർ 6 : 1–4, എഫെ. 2: 1, 5–6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8–9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73–75, എബ്രാ. 12:14,
1 പത്രൊ. 1: 15–16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20–21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4–7, എഫെ. 4: 4–6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20–23, ഗലാ. 3: 28,
വെളി. 18: 2–4

**ചട്ടങ്ങൾ**
മത്താ. 28: 19–20, 26: 26–30, 1 കൊരി. 11: 23–27,
യോഹ. 13: 14–17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4–5,
യാക്കോബ് 5: 13–16

**വിവാഹശുശ്രൂഷ**
മത്താ. 19: 5–6, ലൂക്കോ. 16: 18,
റോമർ 7: 2–3, 1 കൊരി. 7: 10–11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9–10, 1 കൊരി. 11: 14–15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7–12, യോഹ. 5: 28–29,
2 കൊരി. 5: 10, മത്താ. 25: 31–46

**സാമാധാനവാദം:**
ലൂക്കോസ് 6: 27–29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23–24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

നയും ഉള്ള അവന്റെ പാപം വെളിപ്പെട്ടു. ന്യായവിധിയിൽ ദൈവം അനന്യാസിനെ വധശിക്ഷയ്ക്ക് വിധിച്ചു. എന്താണ് സംഭവിച്ചതെന്ന് അറിഞ്ഞ എല്ലാവർക്കും വലിയ ഭയമുണ്ടായി. വഞ്ചനയാകുന്ന പാപത്തിന് എതിരായ ദൈവത്തിന്റെ ഭയങ്കരമായ ന്യായവിധി.

കാപട്യം എല്ലാവർക്കും ബോധ്യപ്പെട്ടു. ജനക്കൂട്ടം ഭയത്തോടും ആത്മപരിശോധനയോടും കൂടി നീങ്ങിയപ്പോൾ യുവാക്കൾ അനന്യാസിന്റെ ശരീരം പൊതിഞ്ഞ് പുരാതന യഹൂദ ആചാരപ്രകാരം അന്നുതന്നെ അവനെ അടക്കം ചെയ്യാൻ കൊണ്ടുപോയി. മൂന്ന് മണിക്കൂർ കഴിഞ്ഞ് എന്താണ് സംഭവിച്ചതെന്നറിയാതെ സഫീറ യോഗസ്ഥലത്തെത്തി. പത്രൊസ് അവളുടെ അടുത്തുചെന്ന് ചോദിച്ചു. "നിലം ഏത്ര രൂപയ്ക്ക് വിറ്റു? സഫീറയുടെ ഉത്തരം വളരെ പെട്ടന്നായിരുന്നു. കർത്താവിന്റെ ആത്മാവിനെ പരീക്ഷിക്കാൻ നിങ്ങൾ തമ്മിൽ ഒത്തതെന്ത്? നിന്റെ ഭർത്താവിനെ അടക്കം ചെയ്തവർ അടുത്തുണ്ട്. നിന്നെയും അവർ ഇപ്പോൾ പുറത്തു കൊണ്ടുപോകും എന്നു പറഞ്ഞു."



**ഇപ്രകാരമുള്ള നിലയിൽ ദൈവത്തിന്റ ശിക്ഷാവിധി നുണയന്മാരോടും കപട ഭക്തരോടും ഉണ്ടായാൽ ഇന്ന് എത്രപേര് സഭയിൽ ഉണ്ടാകുമായിരുന്നു ?**

പെട്ടെന്ന് താഴെ വീണു സഫീറ മരിച്ചു. അനന്യാസിനെ അടക്കം ചെയ്തവർ തന്നെ സഫീറായേയും അവളുടെ ഭർത്താവിന്റെ അരികിൽ തന്നെ അടക്കം ചെയ്തു. ദൈവത്തിന്റെ ന്യായവിധി ഭാര്യയ്ക്കും ഭർത്താവിനും ഒരുപോലെ തന്നെ ആയിരുന്നു. ദൈവത്തിന്റെ ശിക്ഷാവിധി അവൾക്ക് ഒരു ഇളവും ഉണ്ടാക്കിയില്ല.

ഈ സംഭവത്തോടെ സർവ്വസഭയ്ക്കും "മഹാഭയമുണ്ടായി" എന്ന് ദൈവവചനം ഓർമ്മിപ്പിക്കുന്നു. സഭയിലുള്ളവർക്കു മാത്രമല്ല, സഭയ്ക്ക് വെളിയിലുള്ളവർക്കു പോലും ഭയമുളവായി വൃഥാ സംസാരിക്കുവാനും പ്രവർത്തിക്കുവാനും എല്ലാ രംഗത്തും ഒരു ഭയപ്പാടോടുകൂടിയ ജാഗ്രത കൈവന്നു. ഓരോരുത്തരും വളരെ ഗൗരവമായ നിലയിൽ ജീവിതം ക്രമീകരിച്ചുകൊണ്ട് ശ്രദ്ധയോടുകൂടെ പെരുമാറുവാൻ ആരംഭിച്ചു.

ഇപ്രകാരമുള്ള നിലയിൽ ദൈവത്തിന്റ ശിക്ഷാവിധി നുണയന്മാരോടും കപടഭക്തരോടും ഉണ്ടായാൽ ഇന്ന് എത്രപേര് സഭയിൽ ഉണ്ടാകുമായിരുന്നു.? ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്ന എത്രയോ പേർ ദൈവത്തിനും മനുഷ്യർക്കും വിരോധമായി മറ്റുള്ളവരെ വഞ്ചിച്ചുകൊണ്ട് കപടഭക്തിക്കാരായി ജീവിക്കുന്നു. യഥാർത്ഥത്തിൽ അനന്യാസും സഫീറയും ആഴമേറിയതും അഭിലഷണീയവുമായ ഒരു ത്യാഗമാണ് ചെയ്തത്. എന്നാൽ ഹൃദയത്തിൽ കാപട്യത്തിന്റെ ചെറിയ ഒരു അംശം കടന്നുകൂടി. അത് ദൈവദൃഷ്ടിയിൽ സത്യസന്ധമായിരുന്നില്ല. കർശനമായ പഥ്യോപദേശത്തിനും കറയില്ലാത്ത മനഃസാക്ഷിയുള്ളവർക്കും ഇത്തരത്തിലുള്ള കാപട്യത്തിന്റെ അധരത്തേയും സഹിക്കാൻ കഴിയുന്ന കാര്യമല്ല.

ദൈവത്തിന്റെ ശിക്ഷാവിധി കാലക്രമേണ ഉണ്ടാകും. പാപത്തെക്കുറിച്ച് അനുതാപമില്ല. പാപികൾക്കും വ്യാജം പറയുന്ന അധരമുള്ളവർക്കും അത് ദോഷകരമായി ഭവിക്കും. ദൈവസന്നിധിയിൽ നിനക്ക് ഉറപ്പോടുകൂടി നിൽക്കാൻ കഴിയുമോ? ഇതാ നുണയ, ജാഗ്രത!. ■

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പീൻ, സകലത്തിലും നല്ലവരായി നടപ്പാൻ ഇച്ഛിക്കകൊണ്ട് ഞങ്ങൾക്ക് നല്ല മനസ്സാക്ഷി ഉണ്ടെന്ന് ഞങ്ങൾ ഉറച്ചിരിക്കുന്നു. – എബ്രായർ 13:18*

എല്ലാ നടപ്പിലും ഞങ്ങൾ നല്ല മനസാക്ഷി ഉള്ളവരായിരിക്കുവാൻ വേണ്ടുന്ന ദൈവകൃപയ്ക്കായി പൗലൊസ് അപ്പൊസ്തലൻ പ്രാർത്ഥിപ്പാൻ സഭയോടു അപേക്ഷിക്കുന്നു. ദൈനംദിന ജീവിതത്തിൽ എല്ലാ നുണയും വ്യാജഭാവവും നീക്കിക്കളഞ്ഞ് വിശുദ്ധരായി ജീവിക്കുവാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.

ഇത്തവണ സത്യസന്ധത എന്ന വിഷയത്തെക്കുറിച്ച് ചിന്തിക്കുവാനാണ് ഞാനാഗ്രഹിക്കുന്നത്. ഇന്ന് ക്രിസ്തീയ ഗോളത്തിലുള്ള മിക്കവരും കള്ളവും മോഷണവും വ്യാജഭാവവും കാപട്യവും വഞ്ചനയും വച്ചു പുലർത്തുന്നവരാണ്. സഭയിൽ മാത്രമല്ല, സമൂഹത്തിലെ നാനാതുറകളിലും രാഷ്ട്രീയത്തിൽ, കായികമത്സരത്തിൽ, കച്ചവടരംഗത്ത് തുടങ്ങി എല്ലാ മേഖലയിലും ഇതു കാണാം. സമൂഹത്തിലുള്ള ഈ മൂല്യച്യുതി ഒരിക്കലും ആത്മീയരുടെ ഇടയിലുണ്ടാകാൻ പാടില്ല. ക്രിസ്തു ശിഷ്യരുടെ ഗണത്തിൽ “എല്ലാ രംഗത്തും” സത്യസന്ധത എന്നുള്ളത് അടിസ്ഥാനപരമായ അവശ്യഘടകമാണ്.

ചതിയും വഞ്ചനയും കാണിച്ചിട്ട് അത് എത്ര സമർത്ഥമായി ന്യായീകരിക്കാനും മൂടിവക്കാനും കഴിയുന്നത് ആശ്ചര്യകരമായ വസ്തുതയത്രെ. കുട്ടികളോടും സംസാരിക്കുമ്പോൾ, വ്യാപാര ഇടപാടുകൾ നടത്തുമ്പോൾ, കല്യാണ സന്ദർഭത്തിലുള്ള സംഭാഷണവേളകളിൽ, കുട്ടികൾ മാതാപിതാക്കളോട്, നികുതികൊടുക്കുന്ന കാര്യത്തിൽ തുടങ്ങിയ വിഷയങ്ങളിൽ സത്യസന്ധത ആവശ്യമായതത്രെ. ഭോഷ്ക്ക് പറയുമ്പോൾ സ്വർഗ്ഗം നഷ്ടപ്പെടുന്നു. സ്വന്തം ചുമതലയിൽ നിന്നും ഒഴിഞ്ഞുമാറേണ്ടിവരുമ്പോഴാണ് സാധാരണയായി കള്ളം പറയേണ്ടിവരുന്നത്.ആയതിനെ വളരെ സമർത്ഥമായി ന്യായീകരിക്കേണ്ടിയും വരുന്നു. നമ്മുടെ വാക്കുകളെ സൂക്ഷിച്ചുപയോഗിക്കണം. ഒരു ദൈവപൈതൽ ഒരു വാക്കുപറഞ്ഞാൽ അത് പാലിക്കുവാൻ ബാധ്യസ്ഥനാണ് ബഹുഭൂരിപക്ഷം ജനങ്ങളും അവരുടെ വാക്കു പാലിക്കയോ ചെയ്ത വാഗ്ദാനം നിറവേറ്റുകയോ ചെയ്യുന്നവരല്ല. ആയതുകൊണ്ട് ദൈവനാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു.

സത്യസന്ധമായ ജീവിതം ഒരു അനുഗ്രഹിക്കപ്പെട്ട ജീവിതം തന്നെയാണ്. സമ്പൂർണ്ണ വിജയം കൈവരിക്കുവാനുള്ള ആത്മീയ മരുപ്രയാണത്തിൽ ചില ബലഹീനതകൾ വന്നു. എന്തുവന്നാലും അവ പൂർണ്ണ ഹൃദയത്തോടു ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചുകൊണ്ട് സത്യവും പരമാർത്ഥതയുമുള്ള കുറ്റമറ്റ മനഃസാക്ഷി ദൈവത്തോടും മനുഷ്യരോടും പുലർത്തുമ്പോഴുണ്ടാകുന്ന സമാധാനം അവർണ്ണനീയം തന്നെ. അപ്രകാരമുള്ള പരാമർത്ഥതയുള്ള പവിത്രമായ ജീവിതം വായനക്കാരായ നിങ്ങൾക്ക് ഓരോരുത്തർക്കും ദൈവം നൽകട്ടെ.

എന്ന്,

**മൈക്കിൾ ഡബ്ല്യു.സ്മിത്ത്**

**ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.**

www.thegospeltruth.org

## ഒരു കാലിത്തൊഴുത്തിന്റെ കഥ

ഒരിക്കൽ ഒരു പാവപ്പെട്ട അനാഥകുഞ്ഞുങ്ങളെ പരിപാലിക്കുന്ന ഒരു വ്യക്തിയെ ഞാൻ പരിചയപ്പെടുവാനിടയായി. കുട്ടികൾ വളരെ ദയനീയമായ സാഹചര്യത്തിൽ അടിസ്ഥാന ആവശ്യങ്ങൾപോലുമില്ലാതെ ബുദ്ധിമുട്ടുന്നത് കണ്ട് അദ്ദേഹത്തെ സഹായിക്കാൻ എനിക്ക് തോന്നി. എന്നാൽ അദ്ദേഹം ആത്മാർത്ഥതയും സത്യസന്ധതയുമുള്ള ആൾ ആണോ എന്ന് പരിശോധിക്കുവാൻ എന്റെ ബുദ്ധി ഞാൻ ഉപയോഗിക്കുവാൻ തീരുമാനിച്ചു. കറവയുള്ള ഒരു പശുവിനെ വാങ്ങുവാനും അതിനാവശ്യമായ ഒരു ഷെഡ് പണിയുവാനുമായി ആവശ്യമായ പണം ഞാൻ അയാളെ ഏല്പിച്ചു. കുറെ നാളുകൾക്ക് ശേഷം ഞാൻ അയാളുടെ അടുക്കൽ ഒരു സന്ദർശനം നടത്തിയപ്പോൾ അയാൾ പശുവിനെ വാങ്ങുകയോ തൊഴുത്തു പണിയുകയോ ചെയ്യാതെ എന്റെ ചോദ്യങ്ങൾക്ക് ചില മുടന്തൻ ന്യായങ്ങൾ നിരത്തുകയുമാണ് ചെയ്തത്.

ലൂക്കോസിന്റെ സുവിശേഷം 16:10 യേശുകർത്താവ് പറഞ്ഞത് അത്യല്പത്തിൽ വിശ്വസ്തൻ. അധികത്തിൽ വിശ്വസ്തൻ. അത്യല്പത്തിൽ നീതികെട്ടവൻ അധികത്തിലും നീതികെട്ടവൻ”.

“നിങ്ങൾക്ക് എന്നെ സഹായിച്ചുകൂടെ” എന്ന ചോദ്യം പലരും ഉന്നയിക്കാറുണ്ട്. എന്നാൽ അതിന് ഉത്തരം “കാലിത്തൊഴുത്തെവിടെ” എന്നതാണ്.



# ബൈബിൾ പഠന സഹായി
## വിഷയം : സത്യസന്ധത

**വായനഭാഗം :** *വ്യാജമുള്ള അധരങ്ങൾ യഹോവയ്ക്ക് വെറുപ്പ്. സത്യം പ്രവർത്തിക്കുന്നവരോ അവന് പ്രസാദം - സദൃശ്യ. 12:22*

**നിർവ്വചനം :** സത്യസന്ധതയെ നിർവചിച്ചിരിക്കുന്നത്, “ചതിവില്ലാത്ത സത്യസന്ധവും ആത്മാർത്ഥവുമായ ധാർമ്മികത എന്നതാണ് (ഓക്സ്ഫോർട് ഇംഗ്ലീഷ് ഡിഷ്നറി).
കള്ളം, വഞ്ചന അല്ലെങ്കിൽ മോഷണം എന്നിവയിൽ നിന്നും വിട്ടുപോരുക (കോളിൻസ് ഇംഗ്ലീഷ് ഡിക്ഷണറി)

**രത്നചുരുക്കം :** ദൈവത്തിന്റെ സ്വഭാവം വിരുദ്ധവും സത്യവുമാണ്. ഏതു തരത്തിലുള്ള അസത്യത്തേയും കർത്താവ് വെറുക്കുന്നു. ദൈവമക്കൾ എല്ലാ കാര്യങ്ങളിലും സത്യസന്ധരായിരിക്കണം. വാക്കിലും പ്രവർത്തിയും സത്യസന്ധത ഇല്ലായ്മ ഒരു ധാർമ്മിക ലംഘനവും നിത്യമായ നാശത്തിലേക്ക് അത് നയിക്കുകയും ചെയ്യും.

---

**I സത്യത്തിന്റെ ദൈവം**

A. ആവർത്തനം 32: 4 സത്യത്തിന്റെ ദൈവം
B. എബ്രായർ 6:18 ദൈവത്തിന് കള്ളം പറയുക അസാധ്യമാണ്.
C. തീത്തോസ് 1: 2 ദൈവത്തിന് ഭോഷ്ക്ക് പറയാൻ കഴിയില്ല.

**II. അസത്യത്തിന്റെ ഉത്ഭവം**

A. യോഹന്നാൻ 8:44 പിശാച് ഭോഷ്ക്കിന്റെ അപ്പൻ
B. യിരെമ്യ 9: 5, 6 ജനം അവരുടെ അധരത്തെ ഭോഷ്ക്കിനായി അഭ്യസിപ്പിക്കുന്നു.

**III ദൈവം വ്യാജത്തെ വെറുക്കുന്നു.**

A. സദൃശ്യ. 6: 16,17 വ്യാജമുള്ള അധരം യഹോവയ്ക്ക് വെറുപ്പ്
B. സങ്കീ. 101:7 ദൈവ ഭവനത്തിൽ വാസമില്ല
C. സദൃശ്യ 21:3 നീതി യാഗത്തെക്കാൾ നല്ലതാകുന്നു

**IV കപടം കാണിക്കരുതെന്ന് കല്പന**

A. ലേവ്യ. 19:11-13 മോഷ്ടിക്കരുത്. കപടം, വ്യാജം
B. കൊലൊ. 3:9 ഭോഷ്ക്ക് പറയരുത്.

**V കള്ളസാക്ഷി**

A. പുറപ്പാട് 20:16 കള്ള സാക്ഷ്യം പറയരുത്.
B. സദൃശ്യ 12:17 നീതിപൂർവ്വം സത്യം സംസാരിക്കുക.

**VI സത്യം സംസാരിക്കുക**

A. സങ്കീ. 34:13 വ്യാജം പറയാത്ത അധരം
B. എഫെസ്യ 4:25 ഭോഷ്ക്കില്ലാതെ, സത്യം സംസാരിക്കുക

**VII ആണയിടരുത്.**

A. മത്തായി 5:37 നിങ്ങളുടെ വാക്ക് ഉവ്വ് എന്നായിരിക്കട്ടെ
B. യാക്കോബ് 5:12 ആണയിടരുത്

**VIII ദൈവത്തോടും മനുഷ്യരോടും സത്യസന്ധത പുലർത്തുക**

A. സങ്കീ. 15:1-3 ഹൃദയപൂർവ്വം സത്യം സംസാരിക്കുക
B. 1 യോഹ. 1:6 കൂട്ടായ്മാബന്ധം ഇല്ലാത്തവൻ കള്ളൻ ആകുന്നു.
C. ഫിലിപ്പ്യർ 4:8-9 ഘനമായുള്ളതും രമ്യമായുള്ളതും ചിന്തിച്ചുകൊൾവിൻ.

**IX സത്യസന്ധതയ്ക്കായുള്ള നിർദ്ദേശം**

A. 2 കൊരി. 8:21. സത്യസന്ധതയ്ക്കായുള്ള ആലോചന
B. 2 കൊരി. 4:2 വ്യാജത്തെ വെറുക്കുക.
C. അപ്പൊ. 24:16 ഇടർച്ചയില്ലാത്തവരാകുവീൻ
D. 1 പത്രൊ. 2:21-22 ക്രിസ്തു തന്നെ മാതൃക-കളങ്കമില്ലാത്ത

**X നേതാക്കന്മാരിൽ അനിവാര്യം**

A. പുറ.18:21 പരമാർത്ഥയുള്ളവരെ തെരഞ്ഞെടുക്കുക.
B. അപ്പൊ. 6:3 വിശ്വസ്തരെ നിയമിക്കുക.

**XI ചതിക്കുക/കച്ചവടം/നികുതി**

A. സദൃശ്യ. 11:1 കള്ളത്രാസ് വെറുപ്പാകുന്നു.
B. യിരെമ്യ. 22:13 അനീതിയുടെ ഗൃഹനിർമ്മാണം
C. യെഹസ്ക്കേൽ. 22:13 അവിശ്വസ്തതയാലുള്ള നേട്ടം
D. റോമർ. 13:7-8 നികുതി കൊടുക്കുക.

**XII വിശ്വസ്തതയുടെ ഫലം**

A. സദൃശ്യ.16:8 നീതിയോടുകൂടിയുള്ള അല്പം
B. 1 പത്രൊ. 3:17 നന്മ ചെയ്തിട്ട് കഷ്ടം സഹിക്കുക.
C. സങ്കീ.15:4 സത്യം ചെയ്തിട്ട് ചേതം വന്നാലും മാറരുത്.

**XIII നേട്ടങ്ങളും നന്മകളും**

A. യോഹ. 8:32 സത്യം സ്വതന്ത്രരാക്കും
B. സദൃശ്യ. 12:19 എന്നേക്കും നിലനിൽക്കും.
C. 1 പത്രോ. 3:10 നല്ലകാലം കാണാൻ കഴിയും.
D. സദൃശ്യ. 16:13 രാജാക്കന്മാർക്ക് ആനന്ദം
E. സങ്കീ. 145:18 കർത്താവ് സമീപസ്ഥൻ

**XIV അസത്യത്തിന്റെ പരിണിതഫലം**

A. ലൂക്കൊ. 12:2 സകലവും വെളിപ്പെട്ടുവരും
B. സദൃശ്യ. 19:5 ഭോഷ്ക്ക് പറഞ്ഞ് രക്ഷപെടാനാവില്ല.
C. വെളി. 21:8 വ്യാജം പറയുന്ന സകലരും എരിയുന്ന തീപൊയ്കയിൽ ഓഹരിക്കാരാകും.

**ഉപസംഹാരം**

പകൽസമയത്ത് എന്നപോലെ നാം മര്യാദയായി നടക്ക - റോമർ 13:13

# സത്യസന്ധതയുടെ നിയമം

**ശരിയും തെറ്റും പുനർനിർവ്വചിക്കുവാനും പ്രപഞ്ചസ്യഷ്ടാവ് അനുശാസിക്കുന്ന കേവല ധാർമ്മികതയുടെ ഏത് മാനദണ്ഡത്തെയും നിരാകരിക്കുവാനും സമൂഹം കഠിനമായി പരിശ്രമിക്കുന്നു. പ്രബലമായ അനീതിയും ധാർമ്മികതയോടുള്ള കപട–ബൗദ്ധിക സമീപനവും പരിഗണിക്കാതെ തന്നെ, ദൈവത്തിന് ഒരു ധാർമ്മിക നിയമം ഉണ്ട്. അതിലൂടെ ലോകത്തെ വിധിക്കും.**



**"നുണ പറഞ്ഞു വഞ്ചിക്കുക എന്ന ഉദ്ദേശത്തോടെ സത്യമല്ലാത്തത് മനഃപൂർവ്വം പറയുന്നത് പാപത്തിന്റെ ഫലമാണ്"**

## ഏകസത്യദൈവം

പാപം മോശൈക ന്യായപ്രമാണത്തിലൂടെ നിർവ്വചിക്കപ്പെടുകയും തുറന്നു കാട്ടപ്പെടുകയും ചെയ്യുക മാത്രമല്ല, സൃഷ്ടിയിൽ മനുഷ്യരാശിയുടെ ഹൃദയത്തിൽ എഴുതപ്പെടുകയും ചെയ്തും, അങ്ങനെ മനഃസാക്ഷി ദൈവത്തിന്റെ സ്വഭാവിക നിയമത്തിന് സാക്ഷ്യം വഹിക്കുന്നു. സത്യസന്ധതയും വിശ്വസ്തതയും ദൈവം രൂപകല്പന ചെയ്ത ധാർമ്മിക ചട്ടക്കൂടിന്റെ അടിസ്ഥാന ഘടകങ്ങളാണ്. ഏതു തരത്തിലുള്ള സത്യസന്ധതയില്ലായ്മയും (നുണ പറയൽ, വഞ്ചന, മോഷണം) ക്രിസ്ത്യൻ ജീവിതത്തിനായുള്ള ദൈവത്തിന്റെ പദ്ധതികൾക്കും ആവശ്യതകൾക്കും തികച്ചും വിരുദ്ധമാണ്.

ദൈവം പരിശുദ്ധനും സത്യസന്ധനും, അവൻ വിശ്വസ്തതയുള്ള വ്യാജമില്ലാത്ത ദൈവമാണ്. (ആവർത്തനം 32:4) ദൈവത്തിന് ഭോഷ്ക്കു പറയുവാൻ കഴിയുകയില്ല. (എബ്രായർ 6:18) സത്യസന്ധതയില്ലായ്മ ദൈവത്തിന്റെ സ്വഭാവത്തിന്റെ സത്തയ്ക്ക് വിരുദ്ധമാണ്. കാരണം അവിടുന്ന് തികഞ്ഞവനും സത്യത്തിന്റെ മകുടവുമാണ്.

## നുണയുടെ ഉത്ഭവം

നുണ പറയുന്നതും വഞ്ചനയുമെല്ലാം സാധാരണമാണ്. ക്രിസ്തുവിന്റെ അഭിപ്രായത്തിൽ ഈ ധാർമ്മിക അഴിമതിയുടെയും അധഃപതനത്തിന്റെയും പിതാവ് സാത്താൻ ആണ്. "നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ.. അവനിൽ സത്യം ഇല്ലായ്കകൊണ്ട് സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്ക്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു." (യോഹന്നാൻ 8:44) നിങ്ങൾ ഓരോരുത്തനും തന്താന്റെ കൂട്ടുകാരനെ ചതിക്കുകയും സത്യം സംസാരിക്കാതിരിക്കുയും ചെയ്യുന്നു. യിരെമ്യാവ് 8:5–6 "ദൈവത്തിൽ നിന്ന് അകന്നു പോയവരെയും അയല്ക്കാരെ വഞ്ചിച്ചവരെയും അവരുടെ നാവിനെ കള്ളം പറയുവാൻ പഠിപ്പിച്ചവരെയും കുറിച്ച് പറയുന്നു."അശുദ്ധമായ ഹൃദയവും സാത്താന്റെ സ്വാധീനത്തിൻ കീഴിലുള്ള ജഡത്തിന്റെ ശക്തിയുമാണ് ഒരാളെ കള്ളം പറയുവാൻ പ്രേരിപ്പിക്കുന്നത്.

## നുണ പറയുന്നതിന് എതിരായ കല്പനകൾ

സദൃശവാക്യങ്ങൾ 6:16ൽ പറഞ്ഞിരിക്കുന്നതുപോലെ ദൈവം വെറുക്കുന്ന ആറ് കാര്യങ്ങളിൽ ഒന്നാണ് കള്ളം പറയുന്ന നാവ്. എത്ര നിസ്സാരനായാലും ഒരു ക്രിസ്ത്യാനി കള്ളം പറയുന്നതിന് ന്യായീകരണമില്ല. "വഞ്ചന ചെയ്യുന്നവൻ എന്റെ വീട്ടിൽ വസിക്കുകയില്ല. ഭോഷ്ക്ക് പറയുന്നവൻ എന്റെ മുമ്പിൽ ഉറച്ചു നിലക്കുകയില്ല." (സങ്കീർത്തനങ്ങൾ 101:7). ദൈവശാസ്ത്രപരമായ അറിവോ, വിശുദ്ധിയോ, സൽപ്രവർത്തികളോ സത്യസന്ധതയില്ലായ്മയെ ന്യായീകരിക്കുന്നില്ല. കാരണം, "നീതിയും ന്യായവും പ്രവർത്തിക്കുന്നത് യഹോവയ്ക്ക് ഹനനയാഗത്തേക്കാൾ ഇഷ്ടം" (സദൃശവാക്യങ്ങൾ 21:3)

പഴയ നിയമ കല്പനകൾ വളരെ വ്യക്തമായി പറയുന്നത് മോഷ്ടിക്കരുത്: ചതിക്കരുത്; ഒരുത്തനോട് ഒരുത്തൻ ഭോഷ്ക്ക് പറയരുത്; എന്റെ നാമത്തെക്കൊണ്ട് കള്ള സത്യം ചെയ്തു നിന്റെ ദൈവത്തിന്റെ നാമത്തെ അശുദ്ധമാക്കരുത് (ലേവ്യർ 19: 11–13) എന്നാണ്. "അന്യോന്യം ഭോഷ്ക്ക് പറയരുത്; നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവർത്തികളോടുകൂടെ ഉരിഞ്ഞു കളഞ്ഞു" (കൊലോസ്യർ 3:9) "നുണ പറഞ്ഞു വഞ്ചിക്കുക" എന്ന ഉദ്ദേശത്തോടെ സത്യമല്ലാത്തത് മനഃപൂർവ്വം പറയുന്നത് പാപത്തിന്റെ ഫലമാണ്. വഞ്ചന നിറഞ്ഞ ഹൃദയത്തോടെയോ നാവോടെയോ ദൈവപൈതൽ ഇനി നടക്കുകയോ സംസാരിക്കുകയോ ചെയ്യരുത്.

## സത്യം പറയുക

പത്തു കല്പനകളിൽ ഒന്നാണ് 'അയൽക്കാരനെതിരെ കള്ളസാക്ഷ്യം" പറയരുത് എന്നതു (പുറപ്പാട് 20:16). സത്യമല്ലാത്തതു ഒരാളെക്കുറിച്ച് പറയുന്നത് ദൈവത്തിന്റെ അടിസ്ഥാന കല്പന ലംഘിക്കുന്നതാണ്. ഒരു ക്രിസ്ത്യാനിയുടെ വാക്കുകളും പ്രവർത്തികളും വിശ്വസ്തവും സത്യസന്ധവും ആയിരിക്കണം. "ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തുകൊള്ളുക" (സങ്കീർത്തനങ്ങൾ 34:13). ഭോഷ്ക്ക് ഉപേക്ഷിക്കുവാനും സത്യം സംസാരിക്കുവാനും എഫേസ്യരോട് പൗലോസ് പറഞ്ഞു (എഫേസ്യർ 4:25).

## ആണയും വാഗ്ദാനവും അരുത്

"ഞാൻ സത്യം ചെയ്യുന്നുന്നു, "ഞാൻ വാക്കു തരുന്നു" എന്ന പ്രയോഗങ്ങൾ പലരും ഉപയോഗിക്കുന്നു. ക്രിസ്ത്യാനികൾ ആണയിടുകയോ വാഗ്ദാനം ചെയ്യുകയോ ചെയ്യുന്നില്ലെങ്കിൽ അതിന്റെ അർത്ഥം അവർ ആത്മാർത്ഥയുള്ളവർ അല്ല എന്നാണോ? അതോ അവർ പറയുന്നത് സത്യമായിരിക്കുകയില്ല എന്നാണോ? ആകയാൽ സഹോദരന്മാരേ സ്വർഗ്ഗത്തെയോ ഭൂമിയെയോ മറ്റു യാതൊന്നിനെയുമോ ചൊല്ലി സത്യം ചെയ്യരുത്... നിങ്ങൾ ഉവ്വ് എന്നു പറഞ്ഞാൽ ഉവ്വ് എന്നും ഇല്ല എന്നു പറഞ്ഞാൽ ഇല്ല എന്നും ഇരിക്കട്ടെ" (യാക്കോബ് 5:12) എന്ന, തിരുവചനം അനുശാസിക്കുന്നു. യേശു ജനങ്ങളെ പഠിപ്പിച്ചത്. "നിങ്ങളുടെ വാക്ക് ഉവ്വ് ഉവ്വ് എന്നും ഇല്ല ഇല്ല എന്നും ആയിരിക്കട്ടെ ഇതിൽ അധികമായതു ദുഷ്ടനിൽ നിന്നു വരുന്നു." (മത്തായി 5:37) ഒരു ക്രിസ്ത്യാനിക്ക് സത്യം ചെയ്യേണ്ടതില്ല, എന്തെങ്കിലും വാഗ്ദാനം ചെയ്യേണ്ടതുമില്ല. ഒരു ക്രിസ്ത്യാനി എന്തെങ്കിലും പറഞ്ഞാൽ സത്യവും വിശ്വസ്തവും വഞ്ചനയില്ലാത്തതും ആയിരിക്കണം. വാഗ്ദത്തം ചെയ്യുന്നത് ആ വാക്കുകളുടെയും എന്നാൽ വാഗ്ദത്തം ചെയ്യപ്പെടാത്തതുമായ കാര്യങ്ങളുടെ സത്യസന്ധത കുറയ്ക്കുന്നു. പ്രായമോ പദവിയോ പരിഗണിക്കാതെ എല്ലാവരോടും സത്യസന്ധമായി ഇടപെടേണ്ടത് ഒരു ക്രിസ്ത്യാനിയുടെ ബാദ്ധ്യതയാണ്. "കർത്താവിന്റെ മുമ്പാകെ മാത്രമല്ല മനുഷ്യരുടെ മുമ്പാകെയും യോഗ്യമായതു മുൻകരുതുന്നു"

(2 കൊരിന്ത്യർ 8:21) 2 കൊരിന്ത്യർ 4:2ൽ പൗലൊസ് വിശുദ്ധന്മാരെക്കുറിച്ച് പറഞ്ഞതു "ലജ്ജാകരമായ രഹസ്യങ്ങളെ ത്യജിച്ച് ഉപായം പ്രയോഗിക്കാതെ"... എന്നാണ്. ഇതു വെറും പ്രവർത്തികളും വാക്കുകളും മാത്രമല്ല ലക്ഷ്യവും ഉദ്ദേശവും സത്യസന്ധമായിരിക്കണം. ക്രിസ്തു നമുക്ക് ഒരു മാതൃക വച്ചിരിക്കുന്നു. "നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വച്ചേച്ചു പോയിരിക്കുന്നു. അവൻ പാപം ചെയ്തില്ല. അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല (1 പത്രോസ് 2: 21-22) അവിടുന്ന് സത്യസന്ധനും, പരമാർത്ഥതയും വിശ്വസ്തതയും ഉള്ളവനായിരുന്നു. എല്ലാ ക്രിസ്ത്യാനികളും പൗലൊസിനെപ്പോലെ" ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനഃസാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരിക്കുവാൻ ശ്രമിക്കണം (അപ്പൊ. പ്രവർത്തികൾ 24:16)




"തന്നോടും ദൈവത്തോടുമുള്ള സത്യസന്ധതയാണ് ആത്മീകമായി വളരുവാനും ന്യായവിധിയുടെ മുമ്പിൽ ജയത്തോടെ നില്ക്കാനുമുള്ള ഏകമാർഗ്ഗം."

## തനിക്കുതന്നെയും ദൈവത്തിനും മുന്നിൽ സത്യസന്ധൻ

തന്നെത്താനും ദൈവത്തോടും സത്യസന്ധത പുലർത്തേണ്ടതും വളരെ പ്രാധാന്യമുള്ളതാണ്. ദാവീദ് ദൈവത്തോടു ചോദിച്ചു: "നിന്റെ കൂടാരത്തിൽ ആർ പാർക്കും? നിന്റെ വിശുദ്ധ പർവ്വതത്തിൽ ആർ വസിക്കും? എന്ന്. ഉത്തരങ്ങളിൽ ഒന്ന് നിഷ്ക്കളങ്കനായി നടന്ന് നീതി പ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യം സംസാരിക്കുകയും ചെയ്യുന്നവൻ എന്നാണ് (സങ്കീർത്തനങ്ങൾ 15:1-3). ചില ആളുകൾ തങ്ങളോടുതന്നെ കള്ളം പറയുകയും മറിച്ചും വിശ്വസിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. അതു തെറ്റും അനാരോഗ്യപരവുമാണ്. ക്രിസ്ത്യാനി സത്യമായത് ഒക്കെയും ഘനമായതൊക്കെയും, നീതിയായതൊക്കെയും, രമ്യമായതൊക്കെയും, സത്ക്കീർത്തിയായതൊക്കെയും സത്ഗുണമോ, പുകഴ്ചയോ ആയതൊക്കെയും ചിന്തിക്കണം (ഫിലിപ്പിയർ 4:8-9) കൂടാതെ 1 യോഹ. 1:6ൽ പറയുന്നത് "അവനോട് കൂട്ടായ്മ ഉണ്ട് എന്നു പറയുകയും ഇരുട്ടിൽ നടക്കുകയും ചെയ്താൽ നാം ഭോഷ്ക് പറയുന്നു സത്യം പ്രവർത്തിക്കുന്നുമില്ല എന്നാണ്. ഏതു തരത്തിലുള്ള കാപട്യത്തെയും ദൈവം വെറുക്കുന്നു. എല്ലാവരും തങ്ങളോടുതന്നെ ബൗദ്ധികമായും ആത്മീകമായും സത്യസന്ധരായിരിക്കണം. തന്നോടും ദൈവത്തോടുമുള്ള സത്യസന്ധതയാണ് ആത്മീകമായി വളരുവാനും ന്യായവിധിയുടെ മുമ്പിൽ ജയത്തോടെ നില്ക്കാനുമുള്ള ഏകമാർഗ്ഗം.

## സത്യസന്ധത നേതാക്കന്മാരിൽ

ക്രിസ്ത്യാനിക്ക് സത്യസന്ധത ആവശ്യമായതിനാൽ, സഭയിലെ നേതാക്കന്മാർക്ക് അത് ഒരു സമ്പൂർണ്ണ യോഗ്യതയാണ്. യിസ്രായേലിൽ തിരഞ്ഞെടുക്കപ്പെട്ട നേതാക്കന്മാർ സത്യവാന്മാർ ആയിരുന്നു. (പുറപ്പാട് 18:21). അപ്പൊ. പ്രവർത്തികൾ 6:3ൽ തിരഞ്ഞെടുക്കപ്പെട്ട ഡീക്കന്മാർ വിശ്വസ്തരും സത്യസന്ധരും ആയിരുന്നു.

കച്ചവടത്തിലും നികുതിയിലും വഞ്ചന

ക്രിസ്ത്യാനികൾ എല്ലാ കാര്യങ്ങളിലും സത്യസന്ധരായിരിക്കണം: ഇതിൽ വീട്, സ്കൂൾ, ജോലി, ബിസിനസ്സ് ഇടപാടുകൾ, ഗവൺമെന്റ് ആവശ്യങ്ങൾ മുതലായവ ഉൾപ്പെടുന്നു. മോഷണവും കള്ളവും ലയിക്കുന്നിടത്താണ് വഞ്ചന. അനീതികൊണ്ട് അരമനയും അന്യരക്തംകൊണ്ട് മാളികയും പണിത് കൂട്ടുകാരനെക്കൊണ്ട് വേല ചെയ്യിച്ച് കൂലി കൊടുക്കാതിരിക്കുകയും ചെയ്യുന്നവരെക്കുറിച്ച് യിരെമ്യാവ് പറയുന്നുണ്ട് (യിരെമ്യാവ് 22:13). "കള്ളത്തുലാസ്സ് യഹോവയ്ക്കു വെറുപ്പ് ഒത്ത പടിയോ അവനു പ്രസാദം" (സദൃശവാക്യങ്ങൾ 11:1). ക്രിസ്ത്യാനികൾ അവരുടെ കടങ്ങൾ വീട്ടുവാനായി സ്വന്തം കൈകൾകൊണ്ട് വേല ചെയ്യും. എല്ലാ വ്യാപര ഇടപാടുകളിലും സത്യസന്ധരായിരിക്കും. സത്യസന്ധമായ ജീവിതം നയിക്കുന്നതിൽ ആരെയും മനഃപൂർവ്വം വഞ്ചിക്കുകയില്ല. ഒരു വിശുദ്ധൻ സർക്കാരിനു നല്കേണ്ട എല്ലാ നികുതി കുടിശികകളും നല്കും. (റോമർ 13: 7-8) ക്രിസ്ത്യാനി എന്തെങ്കിലും പറയുമ്പോൾ അത് വാസ്തവവും സത്യവുമായി കാണണം. അവരുടെ പ്രവർത്തികളും അവ പിൻപറ്റണം: സത്യസന്ധതയിൽ കുറഞ്ഞത് എന്തും പാപമാണ്.

## സത്യസന്ധതയുടെ വില

സത്യസന്ധത കാത്തുസൂക്ഷിക്കുവാൻ സമയവും പണവും ചെലവഴിക്കുന്ന സന്ദർഭങ്ങൾ ഉണ്ടാകാം. പക്ഷേ അത് ദൈവത്തിന് പ്രീതികരമാകാം. 15-ാം സങ്കീർത്തനം നാലാം വാക്യത്തിൽ "സത്യം ചെയ്തിട്ട് ചേതം വന്നാലും മാറാത്തവനെക്കുറിച്ച് പറയുന്നു." നിങ്ങൾ എന്തെങ്കിലും ചെയ്യണമെന്ന് പറയുമ്പോൾ അത് നിങ്ങൾക്ക് നഷ്ടം വരുത്തുന്നതാണെങ്കിലും അത് ചെയ്യുക. ലോകം മാറുകയും പിന്നോട്ടു പോവുകയും ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ പൈതൽ നിശ്ചയദാർഢ്യത്തോടു കൂടെ നടക്കുന്നു. "ന്യായരഹിതമായ വലിയ വരവിനേക്കാൾ നീതിയോടെയുള്ള അൽപം നല്ലത് (സദൃശ്യ.16:8)

## സത്യസന്ധതയുടെ പ്രതിഫലം

വിശ്വസ്തതയും സത്യസന്ധതയും നിങ്ങളെ സ്വതന്ത്രമാക്കുന്നതാണ്. കാരണം "സത്യം നിങ്ങളെ സ്വതന്ത്രമാക്കും" (യോഹന്നാൻ 8:32) "സത്യം പറയുന്ന അധരം എന്നേക്കും നിലനില്ക്കും. വ്യാജം പറയുന്ന നാവോ മാത്ര നേരത്തേക്കേയുള്ളു' (സദൃശ്യവാക്യങ്ങൾ 12:19) ഒരു നുണയിൽ കുടുങ്ങുമെന്ന് ഒരു വ്യക്തി ഒരിക്കലും ഭയപ്പെടേണ്ടതില്ല. കാരണം "നീതിയുള്ള അധരങ്ങൾ രാജാക്കന്മാർക്കും ബഹുമാനം" (സദൃശവാക്യങ്ങൾ 16:13) "ജീവനെ ആഗ്രഹിക്കുകയും ശുഭകാലം കാണ്മാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ" (1 പത്രോസ് 3:10). ഏറ്റവും പ്രധാനമായി "യഹോവ തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു" (സങ്കീർത്തനങ്ങൾ 145:18)

## അസത്യത്തിന്റെ അനന്തരഫലങ്ങൾ

ഈ ജീവിതത്തിൽ സംഭവിക്കുന്നതോ പറയുന്നതോ ആയ കാര്യങ്ങൾ അല്പകാലത്തേക്ക് ജനങ്ങളെ വഞ്ചിച്ച് മറച്ചുവച്ചാലും എല്ലാം വെളിച്ചത്തു വരും. "മൂടിവച്ചത്" ഒന്നും വെളിച്ചത്തുവരാതെയും ഗൂഢമായതു ഒന്നും അറിയാതെയും ഇരിക്കുകയില്ല" (ലൂക്കോസ് 12:2). ഒരു കള്ളസാക്ഷിയോ നുണയനോ ദൈവത്തിന്റെ ന്യായവിധിയിൽ നിന്ന് രക്ഷപ്പെടുകയില്ല. "കള്ളസാക്ഷിക്കു ശിക്ഷ വരാതിരിക്കുകയില്ല. ഭോഷ്ക്കു വിശ്വസിക്കുന്നവൻ ഒഴിഞ്ഞുപോകുകയുമില്ല. (സദൃശവാക്യങ്ങൾ 19:5). ദൈവമക്കൾക്ക് സത്യസന്ധത ഒരു ഓപ്ഷനല്ല. അതു സമ്പൂർണ്ണമായ ഒരു ആവശ്യകതയാണ്. കള്ളം പറയുന്നവർക്കും, അവിശ്വാസികൾക്കും, കൊലപാതകന്മാർക്കും തുച്ഛമായ ശിക്ഷ ഉണ്ടാകും. "ഭോഷ്ക് പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം" (വെളിപ്പാട് 21:8)

യാതൊരു തരത്തിലുമുള്ള നുണയും വഞ്ചനയും അസത്യവും ഇല്ലാതെ ദൈവവചനം കല്പിക്കുന്ന സത്യസന്ധതയോടെ നമുക്കു ജീവിക്കാം, ചിന്തിക്കാം, സംസാരിക്കാം, പ്രവർത്തിക്കാം. ■

## ചോദ്യവും ഉത്തരവും

**"ബൈബിൾ ധാർമ്മികതയുടെ ഒരു ആപേക്ഷിക സിദ്ധാന്തം ഉയർത്തിപ്പിടിക്കുന്നില്ല. ദൈവത്തിന്റെ സത്യം സമ്പൂർണ്ണമാണ്. ഒരു നുണ വികല സ്വഭാവത്തെയും വ്യക്തിത്വത്തെയും സൂചിപ്പിക്കുന്നു."**

### ഒരു വലിയ നന്മയ്ക്കുവേണ്ടി കള്ളം പറയുന്നത് എപ്പോഴെങ്കിലും അനുവദനീയമാണോ?

ഒരു മതേതര കാഴ്ചപ്പാടിൽ ഒരു നുണ പറയുന്നത് ന്യായമാണെന്നു തോന്നു സാഹചര്യങ്ങൾ ചർച്ച ചെയ്യപ്പെടാം, എന്നിരുന്നാലും 1 പത്രോസ് 3:10ൽ ബൈബിൾ വ്യക്തമാക്കുന്നത് "ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും സൂക്ഷിക്കണമെന്ന് വ്യക്തമായി പഠിപ്പിക്കുന്നു. ഇതിന്റെ അർത്ഥം നാം പറയുന്നതെല്ലാം സത്യസന്ധമായിരിക്കണം. എല്ലാ പരദൂഷണവും അസത്യവും, നുണയും വഞ്ചനയും ഒഴിവാക്കണം. ഈ കല്പന സാഹചര്യങ്ങൾക്കനുസരിച്ച് ചെയ്യുവാനുള്ളതല്ല.

ബൈബിൾ ധാർമ്മികതയുടെ ഒരു ആപേക്ഷിക സിദ്ധാന്തം ഉയർത്തിപ്പിടിക്കുന്നില്ല. ദൈവത്തിന്റെ സത്യം സമ്പൂർണ്ണമാണ്. ഒരു നുണ വികലസ്വഭാവത്തെയും വ്യക്തിത്വത്തെയും സൂചിപ്പിക്കുന്നു. ബൈബിളുകൾ വിലക്കപ്പെട്ട രാജ്യത്തേക്ക് കടത്തുകയാണെങ്കിൽ കള്ളം പറയാമോ എന്ന് മകൾ എന്നോട് ചോദിച്ചു. ബൈബിൾ നല്കുമ്പോൾ ദൈവത്തിന്റെ നിയമം അനുസരിക്കുവാൻ എനിക്ക് മനുഷ്യരുടെ നിയമം ലംഘിക്കുവാൻ കഴിയും. ഞാൻ ചെയ്യുന്ന കാര്യങ്ങൾ ഞാൻ സ്വമേധയാ ചെയ്യുന്നില്ല; എന്നിരുന്നാലും അധികാരികളുടെ ചോദ്യത്തെ നേരിട്ട് അഭിമുഖീകരിച്ചാൽ, ജയിൽ വാസത്തിന്റെ ചെലവിൽപോലും എനിക്ക് സത്യം നിഷേധിക്കുവാൻ കഴിയുകില്ല.

നല്ലതും ശരിയുമായ എല്ലാറ്റിന്റെയും ലംഘനമാണ് കള്ളവും വഞ്ചനയും. തല്ക്കാലം നുണ പറയുന്നത് കൂടുതൽ ഗുണം എന്ന് തോന്നിയേക്കാം. എന്നാൽ വിദൂരഭാവിയിൽ അത് നാശം ചെയ്യും. ജീവിതത്തിൽ രക്ഷയുടെ സൗന്ദര്യത്തിന്റെ ഒരു ഭാഗം അതു കൊണ്ടുവരുന്നതാണ്. അതിനോടു കൂടെ നുണ കൂട്ടിക്കലർത്തിയാൽ നിങ്ങൾക്കും ലഭിക്കുന്നത് മലിനമായ എന്തെങ്കിലും ആയിരിക്കും.

### സത്യസന്ധതയെക്കുറിച്ച് മാതാപിതാക്കന്മാർക്കുള്ള ഉപദേശം എന്താണ്?

ഒന്നാമത് മാതാപിതാക്കന്മാർ എപ്പോഴും കുട്ടികളോട് സത്യസന്ധത പുലർത്തണം. ഒരു കുട്ടി അറിയുവാൻ ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളും വെളിപ്പെടുത്തുവാൻ ഒരു രക്ഷിതാവ് ജ്ഞാനി അല്ലെങ്കിലും അവർ നുണ പറയുന്നതു കൂടുതൽ ദോഷം ചെയ്യും. ചില രക്ഷിതാക്കൾ കുട്ടികളോട് പ്രതിജ്ഞാബദ്ധത പുലർത്തുന്നു. എന്നാൽ  പിന്നീട് അത് പാലിക്കുന്നില്ല. തല്ക്കാലം എന്തെങ്കിലും പറഞ്ഞാൽ മതിയെന്നും അതു ചെയ്യുവാനുള്ള ബാദ്ധ്യതയില്ലെന്നും ഇതു കുട്ടികളെ പഠിപ്പിക്കുന്നു. ഒരു രക്ഷിതാവ് കുട്ടിയോട് അവർ എവിടെയെങ്കിലും പോകുമെന്നോ എന്തെങ്കിലും ചെയ്യുമെന്നോ പറഞ്ഞാൽ അവർ അതു ചെയ്യണം. നമ്മൾ വാചാലമായി പറയുന്നതിനെക്കാൾ കൂടുതൽ കാര്യങ്ങൾ അവർ നിരീക്ഷണത്തിലൂടെയും അനുഭവത്തിലൂടെയും പഠിക്കുന്നു.

രണ്ടാമതായി ചെറുപ്പത്തിൽ തന്നെ സത്യസന്ധതയുടെ മൂല്യങ്ങൾ മാതാപിതാക്കന്മാർ കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്. ഏകദേശം രണ്ടോ മൂന്നോ വയസ്സ് പ്രായമുള്ള കുട്ടികൾ പലപ്പോഴും തെറ്റായ പെരുമാറ്റം നിഷേധിച്ചുകൊണ്ട് കള്ളം പറയുവാനുള്ള കഴിവ് വികസിപ്പിക്കുന്നു. ഏകദേശം നാലു വയസ്സുള്ളപ്പോൾ, കുട്ടികൾ സാധാരണയായി സത്യവും നുണയും തമ്മിലുള്ള വ്യത്യാസം അറിയുകയും പലപ്പോഴും തെറ്റുകൾ മറയ്ക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. അനിയന്ത്രിതമായി വിട്ടാൽ ഒരു കുട്ടിക്ക് പ്രായമാകുമ്പോൾ നുണ പറയുന്നത് വർദ്ധിക്കും. 96% കൊച്ചുകുട്ടികളും ഒരു കാലഘട്ടത്തിൽ കള്ളം പറയുമെന്ന് ഒരു പഠനം പറയുന്നു. അവരിൽ പലരും ഒരുദിവസം ഒന്നിലധികം തവണ കള്ളം പറയുന്നു.

മാതാപിതാക്കൾ സത്യസന്ധത പഠിപ്പിക്കുകയും അവരുടെ കുട്ടിയിൽ നിന്ന് സത്യസന്ധതയില്ലായ്മയെക്കുറിച്ചുള്ള അറിവ് ലഭിക്കുമ്പോൾ സത്യം പറയുവാൻ ആവശ്യപ്പെടുകയും ചെയ്യേണ്ടതു പ്രധാനമാണ്. ഒരു കൊച്ചുകുട്ടി കള്ളം പറയുമ്പോൾ അതു മനോഹരമല്ല. അവർക്കു അച്ചടക്കം ആവശ്യമാണ്. അവരുടെ പെരുമാറ്റം നെഗറ്റീവും പോസിറ്റീവുമായ പ്രത്യാഘാതങ്ങളോടെ ഉടനടി തിരുത്തണം. അങ്ങനെ അവർ സത്യസന്ധതയുടെ മൂല്യവും പ്രാധാന്യവും മനസ്സിലാക്കും.

### ആരോ എന്നോട് ഒരു ചോദ്യം ചെദിച്ചു. ഞാൻ ഉടനെ അവരോട് സത്യമല്ലാത്തതു പറഞ്ഞു. ഞാൻ പാപം ചെയ്തിട്ടുണ്ടോ?

ഒരാളെ കബളിപ്പിക്കുവാൻ വേണ്ടി മനഃപൂർവ്വം എന്തെങ്കിലും പറയുമ്പോഴാണ് യഥാർത്ഥ സത്യസന്ധതയില്ലായ്മ നിങ്ങൾക്ക് ആലോചിക്കുവാൻ സമയം ഇല്ലെങ്കിൽ നിങ്ങളുടെ വായിൽ നിന്ന് ആദ്യം വന്നതു 'സ്വയം സംരക്ഷിക്കുക' എന്നതായിരുന്നു എന്ന് പിന്നീട് നിങ്ങൾ തിരിച്ചറിയും. അപ്പോൾ നിങ്ങൾ ആ വ്യക്തിയുടെ അടുക്കലേക്ക് മടങ്ങിച്ചെന്ന്, നിങ്ങൾ ചെയ്തത് പാപമല്ല എന്നറിഞ്ഞിരുന്നാലും, തിരുത്തേണ്ടതു പ്രധാനമാണ്. നിങ്ങൾ തിരികെ പോകേണ്ടിവരുമ്പോൾ അത്തരം തിരുത്തലുകൾ തിരുത്തേണ്ടി വരുമ്പോൾ പഠിക്കേണ്ടതും ജാഗ്രത പാലിക്കേണ്ടതുമായ പാഠങ്ങളുണ്ട്. ആരെങ്കിലും മുൻകരുതലോടുകൂടെ വഞ്ചിക്കുവാൻ സംസാരിക്കുമ്പോൾ അതു പരിഹരിക്കുവാൻ അവർ തയ്യാറാകുകയില്ല. കാരണം ഹൃദയം വഞ്ചന നിറഞ്ഞതാണ്. ഈ സാഹചര്യത്തിൽ മാനസാന്തരത്തിന്റെ അധിക ആവശ്യം വരുന്നു. അല്ലെങ്കിൽ അവരെ രക്ഷിക്കുവാൻ കഴിയുകയില്ല.

Printed matter only

**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

76% ആളുകളും ചില സന്ദർഭങ്ങളിൽ നുണ പറയുന്നത് സ്വീകാര്യമെന്ന് കരുതുന്നു.

24.1% പുരുഷന്മാരും അവരുടെ ഫെയ്സ് ബുക്ക് പ്രൊഫൈലിൽ കള്ളം പറഞ്ഞിട്ടുണ്ട്.

16.6.% സ്ത്രീകളും.

21.7% പുരുഷന്മാരും 16.3% സ്ത്രീകളും അവരുടെ യോഗ്യതകളിൽ കള്ളം പറഞ്ഞിട്ടുണ്ട്.

28% പുരുഷന്മാരെ താരതമ്യം ചെയ്യുമ്പോൾ 51.7% സ്ത്രീകൾ അവരുടെ ഭാരത്തെക്കുറിച്ച് കള്ളം പറഞ്ഞിട്ടുണ്ട്.

3% (പോൾ ചെയ്ത 1.254 അമേരിക്കക്കാരിൽ) പേർ അവർ പലപ്പോഴും കള്ളം പറയുമെന്ന് പറഞ്ഞു.

66% പേർ പറഞ്ഞത് തങ്ങൾ അപൂർവ്വമായി അല്ലെങ്കിൽ ഒരിക്കലും സത്യസന്ധരല്ല എന്നാണ്. സ്ത്രീകൾ മാതാപിതാക്കന്മാരോടും പുരുഷന്മാർ സുഹൃത്തുക്കളോടും കള്ളം പറയുവാനുള്ള സാദ്ധ്യത കൂടുതലാണ്.

*(2014 CreditDonkey.com ന്റെ അമേരിക്കൻ സർവ്വേ)*

**തക്കസമയത്ത് പറഞ്ഞ വാക്ക്**

# ശൂന്യമായ കലം

*(ഒരു പുരാതന ചൈനീസ് കഥയുടെ സംഗ്രഹം. ഡെമി രേഖപ്പെടുത്തിയത്)*

ചൈനയിൽ പിംഗ് എന്ന ചെറുപ്പക്കാരന്റെ ഒരു കഥ പറയുന്നു. അയാൾക്ക് പൂക്കൾ ഇഷ്ടമായിരുന്നു. അവൻ വളർത്തിയതെല്ലാം എല്ലായ്പ്പോഴും മനോഹര പുഷ്പങ്ങൾ വിരിഞ്ഞിരുന്നു. പിംഗ് താമസിച്ചിരുന്ന രാജ്യത്ത് ചക്രവർത്തിക്ക് പുത്രൻ ഇല്ലായിരുന്നു. അദ്ദേഹത്തിന് ഒരു പിൻഗാമിയെ ആവശ്യമായിരുന്നു. പൂന്തോട്ടം ഇഷ്ടപ്പെട്ടിരുന്ന ചക്രവർത്തി രാജ്യത്തുടനീളമുള്ള ആൺകുട്ടികൾക്ക് പൂക്കളുടെ വിത്തുകൾ വിതരണം ചെയ്തു. ആ വിത്തുകളിൽ നിന്ന് ഏറ്റവും മനോഹരമായി പുഷ്പം വളർത്തിയെടുക്കുന്നവൻ അടുത്ത ചക്രവർത്തി ആകും. ഒരു കലത്തിൽ വളക്കൂറുള്ള മണ്ണിൽ പിംഗ് ചക്രവർത്തി നല്കിയ വിത്തു നട്ട് വേണ്ട പരിപാലനം നല്കി, പക്ഷേ ഒന്നും സംഭവിച്ചില്ല.



മറ്റ് ആൺകുട്ടികൾ അവരുടെ വിത്തുകൾ നട്ടുപിടിപ്പിച്ചു. അവരുടെ ചട്ടിയിൽ പൂക്കൾ വിരിഞ്ഞു. അപ്പോഴേക്കും ഒരു ഒഴിഞ്ഞ പൂച്ചട്ടി മാത്രം ഉണ്ടായിരുന്ന പിംഗിനെ അവർ ചിരിച്ചു പരിഹസിച്ചു. പിംഗ് മണ്ണ് മാറ്റി ഉണക്കമീൻ ഉപയോഗിച്ച് വളപ്രയോഗം നടത്തിയെങ്കിലും ഫലം ഉണ്ടായില്ല. ഒടുവിൽ ചെടികൾ എല്ലാം ചക്രവർത്തിയുടെ അടുക്കൽ കൊണ്ടുപോകുന്ന ദിവസം എത്തി. മറ്റു കുട്ടികളുടെ ആവേശത്തിനിടയിൽ പിംഗ് മാത്രം നിരാശനായിരുന്നു. കാരണം അവന്റെ ഒഴിഞ്ഞ പാത്രം ആയിരുന്നു. അവൻ തന്റെ കഴിവിന്റെ പരമാവധി ചെയ്തു എന്നും ആയതിനാൽ അതു ചക്രവർത്തിക്ക് സമർപ്പിക്കേണ്ടതുണ്ടെന്നും അച്ഛൻ അവനെ ഓർമ്മിപ്പിച്ചു.

രാജ്യത്തിലെ കുട്ടികൾ എല്ലാവരും അവരുടെ മനോഹരങ്ങളായ പുഷ്പങ്ങളുമായി കൊട്ടാരത്തിൽ എത്തി. ചക്രവർത്തി തന്റെ മുഖത്തു ഒരു പരിഹാസത്തോടെ ആ കുട്ടികളുടെ ചെടികൾ പരിശോധിച്ചു. പിംഗിന്റെ ഒഴിഞ്ഞ പാത്രം കണ്ടപ്പോൾ അയാൾ കൂടുതൽ ആഴത്തിൽ മുഖം ചുളിച്ചു. “നിങ്ങൾ എനിക്ക് ഒരു ഒഴിഞ്ഞ പാത്രം കൊണ്ടുവന്നു” ചക്രവർത്തി ആക്രോശിച്ചു. പിംഗ് തല കുനിച്ചുകൊണ്ട് പറഞ്ഞു, ക്ഷമിക്കണം ചക്രവർത്തി, നിങ്ങൾ എനിക്ക് തന്ന വിത്ത് ഞാൻ വളർത്തുവാൻ ശ്രമിച്ചു. പക്ഷേ ഫലം ഒന്നുമുണ്ടായില്ല. ചക്രവർത്തി ദീക്ഷയിൽ തലോടി പുഞ്ചിരിച്ചു. എന്നിട്ട് അവൻ ജനങ്ങളോട് പറഞ്ഞു, “ഞാൻ നിങ്ങൾക്ക് പുതിയ ചക്രവർത്തിയെ പരിചയപ്പെടുത്താം. നിങ്ങൾ നോക്കുക. വിത്തുകൾ വളരാതിരിക്കുവാൻ അവ വേവിച്ചിട്ടാണ് നല്കിയത്. ബാക്കിയുള്ളവർ എങ്ങനെ ചെടികൾ വളർത്തി എന്ന് അറിയില്ല. പക്ഷേ അവന്റെ ചട്ടിയിൽ ഒന്നും വളർന്നില്ല, അവൻ സത്യസന്ധനും വിശ്വസ്തനുമാണ്.

ധാർമ്മികത വ്യക്തമാണ്. നമ്മൾ സത്യസന്ധരായിരിക്കുമ്പോൾ ചുറ്റുമുള്ളവരുടെ സമ്മർദ്ദങ്ങൾക്കിടയിൽ നമ്മൾ ചിലപ്പോൾ ഒറ്റയ്ക്ക് നില്ക്കും. സത്യസന്ധത പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് തോന്നിയേക്കാം. കൂടാതെ മറ്റൊരു മികച്ച വഴി ഉണ്ടെന്നു തോന്നിയേക്കാം. എന്നിരുന്നാലും കലം ശൂന്യമാകുമ്പോഴും നിങ്ങളുടെ നിർമ്മലത കാത്തു സൂക്ഷിക്കുക. നമ്മുടെ സ്വർഗ്ഗീയ പിതാവ് തക്കസമയത്ത് പ്രതിഫലം നല്കും. ■

if Undelivered
Please return to:

**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**